പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും, മൃഗശാലകളും വകുപ്പുമന്ത്രി (കുമാരി പി. കെ. ജയലക്ഷ്മി) :

(എ) ഉണ്ട്. സർക്കാർ സർവ്വീസിൽ പട്ടികവർഗ്ഗക്കാർക്ക് അനുവദിച്ചിട്ടുള്ള രണ്ട് ശതമാനം സംവരണം ഉറപ്പുവരുത്തുന്നതിലേയ്ക്കായി എല്ലാ വർഷവും ജനുവരി ഒന്ന് കണക്കാക്കി വിവിധ വകുപ്പുകളിലെ എല്ലാ വിഭാഗങ്ങളിലുമുള്ള തസ്തികകളിലേയും ജീവനക്കാരുടെ എണ്ണവും അതിലെ പട്ടികവർഗ്ഗ പ്രാതിനിധ്യവും ബഹു. മുഖ്യമന്ത്രി ചെയർമാനായുള്ള റിവ്യൂ കമ്മിറ്റി യോഗം ചേർന്ന് വിലയിരുത്താറുണ്ട്. ആയതിൽ പട്ടികവർഗ്ഗക്കാർക്ക് അർഹതപ്പെട്ട പ്രാതിനിധ്യം ലഭ്യമായിട്ടില്ലായെങ്കിൽ പ്രസ്തുത ബാക്ക് ലോഗ് നികത്തുന്നതിനാവശ്യമായ തസ്തികകൾ സംവരണം ചെയ്ത് പ്രത്യേക നിയമനം നടത്തി ടി കറവ് പരിഹരിക്കാറുണ്ട്.

(ബി) ഉണ്ട്.

(സി) 20-7-2011-ലെ G.O.(Ms)No. 232/11/GAD ഉത്തരവ് പ്രകാരം പുനഃസംഘടിപ്പിച്ച ബഹു. മുഖ്യമന്ത്രി ചെയർമാനായുള്ള റിവ്യൂ കമ്മിറ്റി 6-8-2014-ൽ യോഗം ചേർന്ന് നിലവിലെ സ്ഥിതി വിലയിരുത്തിയിട്ടുണ്ട്.

(ഡി) നിലവിൽ സർക്കാർ അർദ്ധസർക്കാർ മേഖലകളിൽ പി.എസ്.സി. വഴിയുള്ള നിയമനങ്ങളിൽ സംവരണം പാലിക്കാറുണ്ട്. ഇപ്രകാരം സംവരണം പാലിക്കുന്നില്ല എന്ന പരാതി ലഭിക്കുന്നപക്ഷം സർക്കാർ അനന്തര നടപടി സ്വീകരിച്ചുവരുന്നുണ്ട്. സ്വകാര്യ മേഖലയിലെ സംവരണം ഇപ്പോൾ പരിഗണനയിലില്ല.

പവർഗ്രിഡ് കോർപ്പറേഷൻ

6(*336) ശ്രീമതി ജമീലാ പ്രകാശം :
ശ്രീ. മാത്യു റ്റി.തോമസ് :
ശ്രീ. ജോസ് തെറ്റയിൽ :
ശ്രീ. സി.കെ.നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പവർഗ്രിഡ് കോർപ്പറേഷൻ കേരളത്തിന് ലൈനുകൾ അനുവദിക്കുന്നത് സംബന്ധിച്ച് തടസ്സങ്ങൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതുമൂലം വടക്കൻ കേരളത്തിൽ വൈദ്യുതി നിയന്ത്രണം വേണ്ടി വരുന്നുണ്ടോ;

(സി) ഈ നടപടിക്കെതിരെ കേന്ദ്ര റെഗുലേറ്ററി കമ്മീഷനെ സമീപിക്കുവാൻ കാലതാമസം വന്നിട്ടുണ്ടോ ; എങ്കിൽ എന്തുകൊണ്ടെന്ന് വിശദീകരിക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്) :

(എ) കേരള സംസ്ഥാന വൈദ്യുതി ബോർഡ്, എൻ.റ്റി.പി.സി. വൈദ്യുതി വ്യാപാർ നിഗം എന്നീ വൈദ്യുതി വ്യാപാരികളിൽ നിന്നും മത്സരാധിഷ്ഠിത ടെണ്ടർ വഴി, 2014 മാർച്ച് മുതൽ 2017 ഫെബ്രുവരി വരെ കരാറിലേർപ്പെട്ടിട്ടുള്ള 300 മെഗാവാട്ട് വൈദ്യുതിയും പവർ ട്രേഡിംഗ് കോർപ്പറേഷൻ ലിമിറ്റഡുമായി കരാറിലേർപ്പെട്ടിട്ടുള്ള 100 മെഗാവാട്ട് വൈദ്യുതിയും സംസ്ഥാനത്തേക്ക് കൊണ്ട് വരുന്നതിന് ഇടക്കാല ഓപ്പൺ ആക്സസിന് അപേക്ഷിച്ചപ്പോൾ, വിവിധ തടസ്സങ്ങളാൽ പവർഗ്രിഡ് കോർപ്പറേഷൻ ഓഫ് ഇൻഡ്യ ലിമിറ്റഡ് ടി വൈദ്യുതി കൊണ്ടുവരുന്നതിന് ഇടക്കാല ഓപ്പൺ ആക്സസ് അനുവദിച്ചിട്ടില്ല.

(ബി) ഇല്ല. സംസ്ഥാന വൈദ്യുതി ബോർഡ്, എൻ.റ്റി.പി.സി. വൈദ്യുതി വ്യാപാർ നിഗം, പവർ ട്രേഡിംഗ് കോർപ്പറേഷൻ ലിമിറ്റഡ് തുടങ്ങിയ വൈദ്യുതി വ്യാപാരികളുമായി മത്സരാധിഷ്ഠിത ടെണ്ടർ വഴി കരാറിൽ ഏർപ്പെട്ട വൈദ്യുതി കൊണ്ടുവരാൻ സാധിക്കാത്തതുമൂലമുള്ള കുറവ് പരിഹരിക്കുന്നതിന്, സംസ്ഥാനത്തിനകത്തുള്ള ചെലവ് കൂടിയ എൻ.റ്റി.പി.സി യുടെ കായംകുളം നിലയത്തിൽ നിന്നും, ബി.എസ്.ഇ.എസ് നിലയത്തിൽ നിന്നും കേരള സംസ്ഥാന വൈദ്യുതി ബോർഡ് കൂടുതലായി വൈദ്യുതി വാങ്ങി സംസ്ഥാനത്തിന്റെ ആവശ്യം നിറവേറ്റുന്നുണ്ട്.

(സി) ഇല്ല.

വൈദ്യുതി സർചാർജ്

7(*337) ശ്രീമതി ഗീതാ ഗോപി :

ശ്രീ. വി. എസ്. സുനിൽ കുമാർ :

ശ്രീ. മുല്ലക്കര രത്നാകരൻ :

ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതിക്ക് സർചാർജ്ജ് ഈടാക്കണമെന്ന് ആവശ്യപ്പെട്ട് ബോർഡ് റെഗുലേറ്ററി കമ്മീഷന് അപേക്ഷ നല്കിയിട്ടുണ്ടോ, ഉണ്ടെങ്കിൽ യൂണിറ്റിന് എത്ര തുക സർചാർജ്ജായി ഈടാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ ഒരു യൂണിറ്റ് വൈദ്യുതിയുടെ നിരക്ക് എത്രയായിരുന്നു, ഇപ്പോൾ എത്ര തുക ഈടാക്കുന്നുണ്ട്?

LIBRARY ARCHIVES Kerala Legislative Assembly